## <u>മുഖ്യനഗരാസൂത്രകന്റെ നടപടി</u>

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല മമ്പാട് ഗ്രാമപഞ്ചായത്ത് പുള്ളിപ്പാടം വില്ലേജ് പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.11.18 ലെ എ 2/6230/17 നമ്പർ കത്ത്.

2. മലപ്പുറം ടൗൺ പ്ലാനറുടെ 27.12.18 ലെ എ 3/2304/18 നമ്പർ കത്ത്.

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/193/19-C2 തീയതി:**19/03/2019**

---

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുള്ളിപ്പാടം വില്ലേജിൽ റീ സർവ്വേ നമ്പർ 222/2-30 ൽ 1295 ച.മീ. സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ Riyas Babu K. S/o Abdulla, Kadavan House, Odayikkal, Pullippadam, Mampad.-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
2. ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരുകൾ, അളവുകൾ, തരം, നിർമ്മാണാവകാശം മുതലായവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. ചട്ടം 61(6) പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിൽനിന്നും എൻ.ഒ.സി. വാങ്ങേണ്ടതാണ്.
4. 7.00 മീറ്ററിൽ വീതി കുറയാതെ എൻട്രി, എക്സിറ്റ് നൽകേണ്ടതാണ്.
5. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് പ്ലോട്ടിനകത്തുള്ള താമസക്കെട്ടിടം മുഴുവനായും പൊളിച്ചുകളഞ്ഞിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 61(12) പ്രകാരം കനോപിയിൽ നിന്നും റോഡ് ബൗണ്ടറിയിലേയ്ക്ക് മിനിമം 3 മീറ്റർ അകലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. പ്ലോട്ടിന്റെ മുൻവശം ഒഴിച്ച് മറ്റെല്ലാ വശങ്ങളിലും 1.80 മീ. ഉയരത്തിൽ കോമ്പൗണ്ട്

വാൾ പണിയേണ്ടതാണ്.

8. ചട്ടം 61(5), 61(6) പ്രകാരം പൊല്യൂഷൻ കണ്ട്രോൾ ബോർഡ്, ഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും ചട്ടം 26(6) പ്രകാരം ബന്ധപ്പെട്ട മറ്റവകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതി പത്രത്തിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
9. ചട്ടം 61(10) പ്രകാരം 1976 -ലെ പെട്രോളിയം റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ചട്ടം 61(7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്നും ചട്ടം 61(8) പ്രകാരം ആവശ്യമായ സാനിറ്റേഷൻ ഫെസിലിറ്റീസ് നൽകിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 22/2019</u>

ഉത്തരവിൻ പ്രകാരം

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 003
തിരുവനന്തപുരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി,
മമ്പാട് ഗ്രാമപഞ്ചായത്ത്
പകർപ്പ്:-

1. Riyas Babu. K. S/o Abdulla, Kadavan House,
   Odayikkal, Pullippadam,
   Mampad. PIN. 676542-
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.